Mths channapetta

# കാസ്കേഡ്

# *CASCADE*

ഇ-മാഗസിൻ

# എം ടി എച്ച് എസ് ചണ്ണപ്പേട്ട

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

**നമ്പർ : KL/2019/40026**



# കാസ്കേഡ്

## ഇ_മാഗസിൻ

# മുഖമൊഴി

ഇന്ന് **ലോകം വിരൽത്തുമ്പിലാണ്** . വിവര സാങ്കേതിക വിദ്യയുടെ സ്വാധീനം എല്ലാ മേഖലയിലും പടർന്നു കഴിഞ്ഞു. വിവരവിനിമയ വിദ്യയുടെ സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള പുതു തലമുറ ഇന്നിന്റെ ആവശ്യമാണ് .

വായന അറിവിന്റെ വാതായനങ്ങൾ തുറക്കുകയും വിജ്ഞാനസീമകളെ വിസ്തൃതമാക്കുകയും ചെയ്യുന്നു. എന്നാൽ ഇ-വായനയുടെ ലോകത്തേക്ക് നാം പ്രവേശിക്കുമ്പോൾ അത് വിസ്മയ ദൃശ്യങ്ങൾ ആകുന്നു. വായനയുടെ പുതിയ ലോകം തുറന്നിടാനുള്ള വിദ്യാലയ കൈറ്റ് കൂട്ടായ്മയുടെ പരിശ്രമമാണ് **കാസ്കേഡ്** എന്ന ഇ-മാഗസിൻ. വായനയുടെയൊരു പുതു ലോകം ഏവർക്കും ആശംസിക്കുന്നു .



**എഡിറ്റോറിയൽ ബോർഡ്**



# EDITORIAL BOARD

**Chief Editor** : Sri. Abraham D
(Headmaster)

**Staff editors** : Smt. Jyolsana Cherian
: Smt. Raichel George

**Student Editor** : Mast. Sreehari

**Editorial Board** : Smt. Preeja P
(SITC)
: Smt. Leena Thomas
(JSITC)

: Mast. Akash R Sajeev
Mast. Benson Chacko
Mast. Shenjo A K
Mast. Jess Kunjumon Baby
Mast. Abhilash Sivakumar
Kum. Midhuna Saji
Kum. Nithyamol G T



# സന്ദേശം

ശാസ്ത്ര സാങ്കേതിക വിദ്യ അതിവേഗവും ബഹുദൂരവും വ്യാപരിക്കുന്ന ഈ വർത്തമാന കാലഘട്ടത്തിൽ വിദ്യാർത്ഥികളെ വിവരസാങ്കേതിക വിദ്യ അനായാസം കൈകാര്യം ചെയ്യാൻ ലിറ്റിൽ കൈറ്റ് എന്ന യൂണിറ്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി തയ്യാറാക്കുന്ന **കാസ്കേഡ് (CASCADE)** എന്ന ഇ-മാഗസിനു എല്ലാ ഭാവുകങ്ങളും നേരുകയും ഈ രംഗത്ത് കൂടുതൽ മുന്നേറാൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു .

എബ്രഹാം ഡി

ഹെഡ് മാസ്റ്റർ

# താളുകളിലൂടെ


| ക്ര .നം. | താള് മറിക്കുമ്പോൾ | പേജ് |
|---|---|---|
| 1 | MTHS QR-CODE | 7 |
| 2 | ജവാഹർലാൽ നെഹ്റു | 8 |
| 3 | എന്റെ കുക്കു | 9 |
| 4 | തോൽക്കാത്ത മനസ് | 10 |
| 5 | ASIANET STUDIO VISIT | 11 |
| 6 | കാക്കച്ചി രക്ഷിച്ചേ | 12 |
| 7 | കാട്ടു പൂവ് | 13 |
| 8 | കറുത്ത പൊട്ട് | 14 |
| 9 | മോഷണ വാക്കും ശബ്ദപേരും | 15 |
| 10 | കാർ മഴക്കാർ | 16 |
| 11 | രാത്രിയിലെ രാജാവ് | 17 |
| 12 | പെൺകുട്ടിയുടെ കഥ | 18 |
| 13 | ഡിജിറ്റൽ പൂക്കളം | 19 |
| 14 | ബുദ്ധിമാത്രം പോരാ പ്രായോഗിക ബുദ്ധി വേണം | 20 |
| 15 | പാപ്പാനി | 21 |
| 16 | പൂവ് | 22 |
| 17 | ഒരിക്കൽ കൂടി | 23 |
| 18 | എന്റെ വിദ്യാലയം | 24,25 |
| 19 | പ്രവർത്തനങ്ങൾ | 26 |
| 20 | നന്ദി | 27 |



# MTHS QR-CODE

# ജവഹർലാൽ നെഹ്റു



## ആദ്യത്തെ പ്രധാനമന്ത്രി

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയാണ് ജവഹർലാൽ നെഹ്റു. 1947 മുതൽ അദ്ദേഹം ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്നു. ഇന്ത്യയെ പുരോഗതിയിലേക്കു നയിക്കാനായി ജവാഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന ആശയമാണ് പഞ്ചവത്സര പദ്ധതികൾ എന്നറിയപ്പെടുന്നത് .അഞ്ചു വർഷം കൊണ്ട് കൈവരിക്കേണ്ട നേട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ളപ്രവർത്തനമാണ്ഇതു കൊണ്ടു ദ്ദേശിക്കുന്നത്

**Shenjo A K**

**9A**

# എന്റെ കുക്കു



എനിക്കൊരു കുക്കുവുണ്ട്

അവൾക്കൊരു ചുണ്ടുണ്ടു

അവൾക്കു രണ്ടു കണ്ണുണ്ട്

അവൾക്കു രണ്ടു കാലുണ്ട്

നിറമുള്ള ചിറകൊണ്ട്

പഞ്ഞി പോലെ തൂവലുണ്ട്

തത്തമ്മേ പൂച്ച പൂച്ച ഉരക്കുമവൾ

എന്നെ കണ്ടാൽ പറന്നടുത്തു വരുമവൾ

എന്റെ കുക്കു എന്റെ തത്ത

Kiran Madhu
9C

# തോൽക്കാത്ത മനസ്

ദീനാനാഥ് എന്ന ഗുരുവിന്റെ കീഴിൽ അസ്ത്രവിദ്യ അഭ്യസിക്കുകയായിരുന്നു രാജകുമാരന്മാരായ വിനീതനും സുധീരനും .ഒരിക്കൽ ഗുരു പറഞ്ഞു:"ഈ ഗ്രാമത്തിൽ കൃഷി നശിപ്പിക്കുന്ന ഒരു കാട്ടുപന്നിയുണ്ട്.അതിന്റെ ശല്യം അവസാനിപ്പിക്കണം രാജാകുമാരന്മാര് പന്തം കത്തിച്ച് രാത്രി മുഴുവൻ കൃഷി സ്ഥലത്ത് ചുറ്റി നടന്നു .പക്ഷേ കാട്ടുപന്നിയെ കണ്ടില്ല .

പെട്ടെന്ന് നല്ല മഴ തുടങ്ങി . പന്തം കെട്ടു . ചുറ്റും ഇരുട്ടു മാത്രം .

"ഞാൻ പോയി ഉറങ്ങട്ടെ ഈ മഴയത്തു ഒരു ചുണ്ടെലി പോലും പുറത്തിറങ്ങില്ല .."അതും പറഞ്ഞു വിനീതൻ പോയി .സുധീരൻ കൃഷിയിടത്തിൽ തന്നെ നിന്നു.

പിറ്റേന്ന് ഗുരുവും ഗ്രാമവാസികളും വന്നു നോക്കുമ്പോൾ അതാ കാട്ടുപന്നി അമ്പേറ്റു കിടക്കുന്നു . !

"ഇരുട്ടിൽ എങ്ങനെ ലക്ഷ്യം തെറ്റാതെ അമ്പെയ്തു ?" വിനീതൻ ചോദിച്ചു .

"അമ്പെയ്തതു ഇരുട്ടിലല്ല .മിന്നലിന്റെ വെളിച്ചത്തിലാണ് .സുധീരൻ പറഞ്ഞു .

ഇത് കേട്ട് ദീനാനാഥ് പറഞ്ഞു :"പ്രതിസന്ധികൾ വരുമ്പോൾ തളരാത്തവർക്ക് മാത്രമേ ലക്ഷ്യം നേടാൻ കഴിയൂ.

*Amitha G A*

# ASIANET STUDIO VISIT





# കാക്കച്ചി രക്ഷിച്ചേ

ഒരിടത്തു ഒരു കോഴി ഉണ്ടായിരുന്നു .അടുത്ത് ഒരു മരത്തിൽ ഒരു കാക്കയുംരണ്ടു കുഞ്ഞുങ്ങളും ഉണ്ടായിരുന്നു .



കോഴി എല്ലാ ദിവസവും കാക്കയോട് പറയും നിന്നെ കാണാൻ ഒരു ഭംഗിയുമില്ല എന്ന് .പാവം കാക്ക ഒന്നും മിണ്ടില്ല .അങ്ങനെയിരിക്കെ കോഴിക്ക് രണ്ടു സുന്ദരി കുഞ്ഞുങ്ങൾ ഉണ്ടായി .ഒരു ദിവസം രണ്ടു വികൃതി പിള്ളേർ തന്റെ കുഞ്ഞുങ്ങളെ എടുക്കാൻ വന്നു . "അയ്യോ രക്ഷിക്കണേ"കോഴി ഉറക്കെ കരഞ്ഞു .ഇത് കേട്ടപ്പോൾ കാക്കകുഞ്ഞുങ്ങൾ എല്ലാവരും കൂടി പറന്നു ചെന്ന് വികൃതി പിള്ളേരെ കൊത്താൻ തുടങ്ങി .കാക്കകളുടെ കൊത്തു കൊണ്ട് വേദന സഹിക്കാൻ വയ്യാതെ അവർ ഓടി .കോഴി അടുത്ത് ചെന്ന് കാക്കയെ കെട്ടി പിടിച്ചു പറഞ്ഞു "വളരെ നന്ദി .ഇനി ഒരിക്കലും നിന്നെ ഞാൻ കളിയാക്കില്ല ."അന്ന് മുതൽ അവർ കൂട്ടുകാരായി .

Shenjo A K
9A

# കാട്ടുപൂവ്



ചിതറി തെറിക്കുന്ന ചിന്തകളിലെപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്ന് മാത്രം
മഴ വില്ല പോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും
കൃഷ്ണതുളസി കതിർത്തുമ്പ് മോഹിക്കും
നിന്റെ ഈ വാർമുടി ചുരുളിലെത്താൻ

പൂജക്കെടുക്കാത്ത പൂവായ് ഞാനിതാ
മോഹിച്ചിടുന്നു നിന്നടുക്കലെത്താൻ
മണമില്ല മധുവില്ല പൂജക്കെടുക്കില്ല
താനേ വിടർന്നൊരു കാട്ടുപൂവാണ് ഞാൻ
വിരിയും മുൻപേ കൊഴിയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടുപൂവാണ്യ ഞാൻ

ഇഷ്ടമാണെന്നു ചൊല്ലുവാൻ വേണ്ടി ഞാൻ
നിത്യവും നിൻ അരികിൽ എത്തിടുമ്പോൾ
നിന്റെ കൊലുസിന്റെ നാദങ്ങളിൽ ഞാൻ
താനെ മറന്നങ്ങു നിന്നിടുന്നു
ഒന്നും പറയാതെ അറിയാതെ പോയിടുന്നു

**Abhiya**
**8A**

# കറുത്ത പൊട്ട്

ഒരു ദിവസം അദ്ധ്യാപകൻ എല്ലാ കുട്ടികൾക്കും ഓരോ കടലാസ് നൽകി .അദ്ധ്യാപകൻ പേപ്പർ നോക്കി ഉത്തരം എഴുതാൻ ആവശ്യപ്പെട്ടു .കുട്ടികൾ അമ്പരന്നു .ചോദ്യങ്ങളില്ല പകരം ഒരു കറുത്ത പൊട്ടു മാത്രം .കുറച്ചു സമയം കഴിഞ്ഞു എല്ലാവരിൽ നിന്നും കടലാസ് തിരികെ വാങ്ങി .എല്ലാവരും കറുത്ത പൊട്ടിനെ കുറിച്ച് ധാരാളം എഴുതി. അതിനെ കുറിച്ച് മാത്രം എഴുതി

അദ്ധ്യാപകൻ പറഞ്ഞു നോക്കു എല്ലാവരും കണ്ടത് കറുത്ത പൊട്ടു മാത്രം കടലാസിലെ വിശാലമായ വെളുത്ത ഭാഗം ആരും കണ്ടില്ല .നമ്മുടെ കാര്യവും ഇങ്ങനെ തന്നെ ജീവിതത്തിലെ കൊച്ചു കൊച്ചു പ്രശ്നങ്ങൾ മാത്രമേ നമ്മൾ കാണാറുള്ളു .ചുറ്റുമുള്ള നല്ല കാര്യങ്ങൾ കൂടി നമ്മൾ ശ്രദ്ധിച്ചാൽ നമ്മുടെ ജീവിതം എത്ര സന്തോഷകരമായിരിക്കും .

sreehari
9A

# "മോഷണവാക്കും ശബ്ദപ്പേരും "

മോഷണം നടത്താനുള്ള ഒരാളുടെ നിരന്തരമായ വാസനയെ കാണിക്കാൻ ഉപയോഗിക്കുന്ന പദമാണ് "**kleptomania**" ക്ലെപ്റ്റോമാനിയ എന്നാണ് ഉച്ചാരണം 'കള്ളൻ എന്ന് അർഥം വരുന്ന ഗ്രീക്ക് വാക്കായ '**kleptes**' മാറ്റാൻ ബുദ്ദിമുട്ടുള്ള ഒരു ശീലം എന്നർത്ഥം വരുന്ന ഇംഗ്ലീഷ് വാക്കായ '**mania**' എന്നീ പദങ്ങൾ ചേർന്നാണ് '**kleptomania**' എന്ന വാക്കുണ്ടായത്

**jino liju**
**9C**

# കാർ ,മഴക്കാർ

ആകാശത്തിലെ വീഥിയിൽ

കാർ വരുന്നത് കണ്ടോ ?

ഇടിയുടെ ഹോണമടിച്ച ,

മിന്നൽ ലൈറ്റ് തെളിച്ച

ടാങ്കിൽ വച്ചൊരു വെള്ളം

നാട്ടിലൊഴിച്ച കൊടുക്കാൻ

കറുത്തൊരു കാർ വരുന്നേ

അതിന്റെ പേരാണ് മഴക്കാർ *

Akhila S

# രാത്രിയിലെ രാജാവ്

ഈ കഥയിലെ രാജാവാണ്

മിന്നാമിനുങ്ങ്. അവനു രാത്രിയിൽ വെളിച്ചം

നല്കാൻ കഴിയുന്നില്ല . ആ കാട്ടിലെ

വൈദ്യന്മാരെല്ലാം പറഞ്ഞു അവനെ പുറത്തു

വിടരുതെന്ന് . അവനു അപകടം ഉണ്ടാകാം

എന്ന് . എന്നാൽ അവന്റെ മാതാപിതാക്കൾ

അവനെ രാത്രിയിൽ പുറത്തു

വിട്ടു.ആകാശത്തിന്റെ കീഴെ കാർമേഘം

കീറിമുറിച്ചു പോകുന്ന ജെറ്റ് വിമാനം പോലെ

അവൻ ആ രാത്രിയെ കീറിമുറിച്ചു തോൽപ്പിച്ച് ഒരു

മരുന്നും ഇല്ലാതെ അവൻ പ്രകാശം പരത്തി.

എല്ലാവർക്കും വെളിച്ചമായി മാറി .

**Enosh 9A**


# പെൺകുട്ടിയുടെ കഥ


ഒരു വീട്ടിൽ ഒരു മുത്തശ്ശിയും ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു .അവിടെ ഒരു തൊഴുത്തും ഉണ്ടായിരുന്നു . ആ വീട്ടുകാർ ആ തൊഴുത്തിൽ നിന്ന് കിട്ടുന്ന പാൽ വിറ്റാണ് ജീവിക്കുന്നത് .ആ പെൺകുട്ടി ചെറുതായിരുന്നപ്പോൾ തന്നെ അവളുടെ 'അമ്മ മരിച്ചുപോയി അച്ഛനാണെങ്കിൽ ഒരു കുടിയനുമാണ് .അവളെ നോക്കുന്നത് അവളുടെ മുത്തശ്ശിയാണ്. അവളുടെ അച്ചൻ എന്നും രാത്രി ഏറെ ഇരുട്ടിയാണ് വരുന്നത്. മുത്തശ്ശി വളരെ സ്നേഹവതിയാണ് കുട്ടിയുടെ അച്ചൻ കുടുംബം നോക്കാത്ത ആളാണ് .അച്ചൻ ജോലി ചെയ്ത രൂപ മുഴുവൻ മദ്യം വാങ്ങും . മുത്തശ്ശിയാണ് ആ കുട്ടിയെ നോക്കുന്നത് . അവർ ഒരു ചെറിയ ജോലി ചെയ്ത കഷ്ടപ്പെട്ടാണ് കുട്ടിയെ നോക്കുന്നത് . ഭക്ഷണത്തിനുപോലും ഗതിയില്ലാതെ ഇവർ കൃഷി ചെയ്ത കപ്പയും ഒക്കെയാണ് കഴിക്കുന്നത്. പെൺകുട്ടിയെ മുത്തശ്ശി പഠിപ്പിച്ചു .എസ് എസ് എൽ സി, പ്ലസ് 2 മുഴുവൻ എ + വാങ്ങി ജയിച്ചു .പിന്നെ അവൾ സിവിൽ സർവീസ് പരീക്ഷ എഴുതി IPS ഓഫീസർ ആയി .മുത്തശ്ശി ഈ ഭാഗ്യങ്ങൾ കണ്ടു മരണമടഞ്ഞു . അവളുടെ അച്ചൻ കുടിയെല്ലാം മാറ്റി ഒരു നല്ല അച്ചനായി മാറി

Denny M S
9A

# എം ടി എച്ച എസ് ഡിജിറ്റൽ പൂക്കളം







# ബുദ്ധി മാത്രം പോരാ പ്രായോഗിക ബുദ്ധി വേണം

മഹാ പൊങ്ങച്ചക്കാരനായൊരു ശാസ്ത്രജ്ഞനാണ് റിച്ചാർഡ് . താൻ നിർമ്മിച്ച യന്ത്രവുമായി റിച്ചാർഡ് ഒരു തോണിയിൽ സഞ്ചരിക്കുകയായിരുന്നു .
എന്റെയത്ര കഴിവുള്ള ഒരു ശാസ്ത്രജ്ഞനും ഈ നാട്ടിലില്ല .റിച്ചാർഡ് തോണിക്കാരനോട് പറഞ്ഞു .തോണിക്കാരൻ ഒന്നും മിണ്ടിയില്ല . തോണിയിൽ നിന്ന് ഇറങ്ങുമ്പോൾ റിച്ചാർഡ് കാൽ തെന്നി വീഴാൻ തുടങ്ങി .അപ്പോൾ യന്ത്രത്തിന്റെ ഒരു സ്ക്രൂ ഇളകി വെള്ളത്തിൽ വീണു . അയ്യയ്യോ ഇന്ന് ഇത് പ്രദർശിപ്പിക്കേണ്ടതാണ് . ആ സ്ക്രൂ ഇല്ലാതെ ഇത് പ്രവർത്തിക്കില്ല റിച്ചാർഡ് നിരാശനായി .
പെട്ടെന്ന് തോണിക്കാരൻ ഒരു കാന്തം പുറത്തെടുത്തു . കാന്തം നൂലിൽ കെട്ടിവെള്ളത്തിലേക്കിട്ടു.കാന്തം ഉയർത്തിയപ്പോൾ അതാ സ്ക്രൂ അതിൽ പറ്റിപ്പിടിച്ചിരിക്കുന്നു .
വലിയ ശാസ്ത്രജ്ഞനായിട്ടു കാര്യമില്ല പ്രായോഗിക ബുദ്ധി വേണം തോണിക്കാരൻ ചിരിച്ചു കൊണ്ടു പറഞ്ഞു.

**Amitha G A**
**9C**

# പാപ്പാനി

പപ്പാ പപ്പാ പാപ്പാനി

ഇപ്പം സഞ്ജിലെന്താപ്പാ ?

വാ വാ കുസൃതി പിള്ളേരെ

വേഗം വന്നേ നാട്ടാരെ

പൂച്ചേ ഇച്ചെമ് അണ്ണാനും

മയില് കുറുക്കൻ മുയലച്ചൻ

എല്ലാരും വന്നെത്തണം

നല്ലവരായി നടക്കണം

പാപ്പാനിയുടെ സഞ്ചിയിലുണ്ട്  സമ്മാനം

പുഞ്ചിരിയോടത്  തന്നീടാം



Rajalekshmi

# പൂവ്



പൂവേ പൂവേ കൊഴിയല്ലേ
പൂന്തെന്നല് വന്നു വിളിച്ചാൽ പോവല്ലേ
പുലരി പുതുമഴയിൽ ഇതള് കളയല്ലേ
ഒരിതളും നീ പൊഴിക്കല്ലേ പൂവേ
പുതു മണ്ണിനു മണക്കാൻ പൂവിതള് നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ
വെള്ളിനിലാവിലലിഞ്ഞി പുഞ്ചിരി മായ്ക്കല്ലേ
പൂവണ്ടിൽ പ്രണയം കാണാതെ
അത് പൂന്തേനുണ്ണാനണയുവാണേ പൂവേ
നിന്നെ കാണാനെന്നും കൊതിയാണേ
എനിക്ക് നിന്നെ കാണാനെന്നും കൊതിയാണേ
പൂവേ

Nithyamol G T
9B

# ഒരിക്കൽക്കൂടി

ഒരിക്കൽക്കൂടി നീ ആ നദി
നീന്തിക്കടന്ന് വരണം.......
മണൽത്തരികൾ പിന്നിട്ട്,കള്ളിമുള്ളുകൾ
നിറഞ്ഞതെങ്കിലും പൂക്കളുള്ള
താഴ് വാരത്തിന്റെ നടുവിൽ നീ എത്തണം....
ഓർമകളുടെ കണക്ക് പുസ്തകത്തിൽ
മിച്ചം വന്നവനെ നിനക്കവിടെ കാണാം....
നിന്റെ കൈകൾക്ക് മാപ്പ്
ചോദിക്കാനൊരിടം തള്ളവിരലുകൾ
കൂട്ടിക്കെട്ടിയ ആ കാലുകളിൽ ഞാൻ
ഒഴിച്ചിട്ടിട്ടുണ്ടാകും....

Akash R Sajeev
9A



# എന്റെ വിദ്യാലയം

ഗ്രാമീണപശ്ചാത്തലത്തിലെ

ഒരു  സ്വപ്ന കൂടാണ്  എന്റെ വിദ്യാലയം .

കാഴ്ച്ചയിൽ പച്ചപ്പിന്റെ സൗന്ദര്യം .കുളിർമ

നൽകുന്നതും ഉള്ളറിവുകൾ പ്രചോദനം

നൽകുന്നതുമാണ് . ജീവിതത്തിലെ സ്വപ്ന

സാക്ഷാത്കാരത്തിന്റെ  ആദ്യ പടി  എന്ന്

വേണമെങ്കിൽ സ്കൂൾ വിദ്യാഭാസത്തെ

വിശേഷിപ്പിക്കാം .  വിദ്യാർത്ഥികളും

അദ്ധ്യാപകരും പരസ്പരം അറിഞ്ഞു കഴിയുന്ന ഒരു

കുട്ടംബമാണ് വിദ്യാലയം     അവർ

ഒത്തൊരുമിച്ചുള്ള അറിവുകളും കലകളും കായികവും

വിനോദങ്ങളും പിന്നെ കുറച്ചു അടിപിടികളും വഴക്കും

അതിലുപരി സൗഹൃദവും എല്ലാം കൂടി ഇടകലർന്ന

ഒരു വികാരമാണ് വിദ്യാലയജീവിതം .  സൗഹൃദം

എന്ന ആശയത്തിന് വളരെ പ്രാധാന്യം നൽകുന്ന ഒരു കാലയളവാണ് സ്കൂൾ വിദ്യാഭ്യാസം. എനിക്കുമുണ്ട് ഈ സ്കൂളിൽ കുറച്ച് സുഹൃത്തുക്കൾ. അസൂയയും കളിയും ചിരിയും പ്രണയവും നിറഞ്ഞ നല്ലൊരു കൂട്ടം. കുറുമ്പ് കുസൃതിയുമൊക്കെ കാണിക്കുമ്പോഴും ഒത്തൊരുമയോടെ ഞങ്ങൾ സ്കൂൾജീവിതം ആസ്വദിക്കുന്നു .

വിദ്യാലയം പരിചയമില്ലാത്ത ഒരുപാട് കുട്ടികളെയും



അദ്ധ്യാപകരെയും ദിനം പ്രതി ദൃഢ ബന്ധത്തിലാക്കുന്നു . പല ജീവിത സാഹചര്യത്തിൽനിന്നും വരുന്ന കുട്ടികൾ ഒരു കൂട്ടമായി ജീവിക്കുന്നു . എസ് പി സി, ജെ ആർ സി , ബാൻഡ് ,ലിറ്റൽ കൈറ്റ് ഇവ സ്കൂളിന്റഉന്നമനത്തിന് താളം നൽകുന്നു .


എല്ലാം കൊണ്ടും എന്റെ വിദ്യാലയം സമ്പന്നമാണ് നാളത്തെ നല്ലൊരു തലമുറയെ വാഗ്ദാനം ചെയ്യാൻ എന്റെ വിദ്യാലയത്തിന് കഴിയും .

**Jerin Jose**
**X A**

# പ്രവർത്തനങ്ങൾ


little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി. ക്ലബ്ബ്
നമ്പർ : KL/2018/40026
മാർത്തോമ്മാ ഹൈസ്കൂൾ
ചണ്ണപ്പേട്ട
Email: mthscpta@gmail.com
Ph: 0475 2304061




ലിറ്റിൽ കൈറ്റ്സ്
-യൂണിറ്റ് തല ക്യാമ്പ്(2019)-




COMEDY STARS







# THE END

# *Thank You*